തൃക്കുളം വാട്ടർഷെഡ് വികസന പദ്ധതി

45 (270) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിലെ തൃക്കുളം വാട്ടർഷെഡ് വികസന പദ്ധതിയുടെ പുരോഗതിക്കായുള്ള പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിലേക്ക് എന്ന് സമർപ്പിച്ചുവെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുവേണ്ടി സാസ്ഥാന സർക്കാർ എന്തൊക്കെ തുടർ നടപടികൾ കൈക്കൊണ്ടു ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തൃക്കുളം വാട്ടർഷെഡിന്റെ സമഗ്രവികസന പദ്ധതിക്കായി എത്രകോടി രൂപയുടെ എസ്റ്റിമേറ്റാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ; ഇനം തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 13-12-1999-ൽ

(ബി) ഈ പ്രോജക്ടിന് അനുമതി നൽകേണ്ടതും പണം അനുവദിക്കേണ്ടതും കേന്ദ്ര സർക്കാരാണ്. പ്രോജക്ടിന് അനുമതി നൽകണമെന്ന് ഒന്നിൽ കൂടുതൽ തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ച് കൊണ്ട് സംസ്ഥാന സർക്കാരിൽ നിന്നും കത്ത് അയച്ചിട്ടുണ്ട്.

(സി) ആകെ 1399.06 ലക്ഷം രൂപ (13.99 കോടി രൂപ) എസ്റ്റിമേറ്റ് വരുന്ന പ്രോജക്ട് നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

1.	ഭൂജലവകുപ്പ്	-	7 ലക്ഷം രൂപ
2.	മൈനർ ഇറിഗേഷൻ വകുപ്പ്	-	71 ലക്ഷം രൂപ
3.	മണ്ണു സംരക്ഷണ വകുപ്പ്	-	1135.55 ലക്ഷം രൂപ
4.	വിദ്യാഭ്യാസ വകുപ്പ്	-	116.505 ലക്ഷം രൂപ
	ആകെ		1399.0600 ലക്ഷം രൂപ

ലിഫ്റ്റ് ഇറിഗേഷൻ മോട്ടോറിന്റെ പ്രവർത്തനം

46 (271) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ വഞ്ചിപുരത്താഴം ലിഫ്റ്റ് ഇറിഗേഷന്റെ മോട്ടോർ പ്രവർത്തിക്കുന്നില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡിന് അടയ്ക്കേണ്ട ചാർജ്ജ് അടച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly